പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2740 18/06/2018 ൽ മറുപടിയ്ക്ക്

## സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകളുടെ അംഗീകാരം

**ചോദ്യം**

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് സർക്കാർ കൊണ്ടു വന്ന മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; | (എ) | കേരളത്തിലെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ എൻ.ഓ.സി നല്കുന്നതിനായി 07/10/2011-ലെ ജി.ഓ. (എം.എസ്) നം. 202/11/പൊ.വി.വ പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശമാണ് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കാത്ത സ്കൂളുകൾ അടച്ച് പൂട്ടുമെന്ന് പ്രഖ്യാപിച്ചിരുന്നോ; ഈ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്ന സ്കൂളുകൾക്ക് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ അഫിലിയേഷൻ നല്കുന്നതിനുള്ള എൻ.ഒ.സി നല്കിയിരുന്നു. എൻ.ഒ. സി ഇല്ലാതെ പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസിലുള്ള സ്കൂളുകളും സംസ്ഥാന സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളും അടച്ച് പൂട്ടുന്നതിന് സർക്കാർ നല്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം സ്കൂളുകൾ അടച്ച് പൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അടച്ച് പൂട്ടുന്നതിന് നോട്ടീസ് നല്കുകയും ഉണ്ടായി. ഇങ്ങനെ നോട്ടീസ് ലഭിച്ച പല സ്കൂളുകളും |

| | | | |
|---|---|---|---|
| | | | ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയും അത്തരം സ്കൂളുകൾക്കെതിരെയുള്ള തുടർ നടപടികൾക്ക് ഇടക്കാല സ്റ്റേ നല്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ മാനദണ്ഡങ്ങൾ അപ്രായോഗികവും അശാസ്ത്രീയവുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് സുപ്രീം കോടതി കണ്ടെത്തിയിട്ടുണ്ടോ; | (സി) | സർക്കാരിന്റെ മാനദണ്ഡങ്ങൾ അപ്രായോഗികവും അശാസ്ത്രീയവുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് സുപ്രീം കോടതി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പൊതുവിദ്യാഭ്യാസത്തിന് നിലവാരം ഇല്ലാത്തത് കൊണ്ടാണ് സി.ബി.എസ്.ഇ. സിലബസ്സിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർദ്ധിച്ചു വരുന്നതെന്നും അതിന് സർക്കാർ തന്നെയാണ് ഉത്തരവാദിയെന്നുമുള്ള ആക്ഷേപം വസ്തുതാപരമാണോ; | (ഡി) | അല്ല. |
| (ഇ) | എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ടി സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഫലമായി ടി സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതായും പല സ്കൂളുകളിലും ഹൈടെക് സംവിധാനം നിലവിൽ വന്നതോടെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതായും കണ്ടുവരുന്നു. |

സെക്ഷൻ ആഫീസർ